(ബി) ഉണ്ടെങ്കിൽ നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സാമ്പത്തിക സഹായം കിട്ടുന്നതിനു വരുന്ന കാലതാമസം എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) സാമ്പത്തിക ബുദ്ധിമുട്ട് കാരണം സർവ്വകലാശാലയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്കൃത സർവ്വകലാശാലയിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ ഇല്ലാത്തിരുന്നതാണ് യു.ജി.സി-യുടെ ധനസഹായം ലഭിക്കാതിരുന്നതിനുള്ള പ്രധാന കാരണം. ഇപ്പോൾ സർവ്വകലാശാല ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ നിയമനം നടത്തുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ആയത് രേഖാമൂലം യു.ജി.സി.-യെ അറിയിച്ചിട്ടുമുണ്ട്.

(ഡി) സാമ്പത്തിക ബുദ്ധിമുട്ട് കാരണം സർവ്വകലാശാലയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാലടി സംസ്കൃത സർവ്വകലാശാലയിൽ അനധികൃത നിയമനം

148 (3709) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലടി സംസ്കൃത സർവ്വകലാശാലയിൽ എത്ര സെക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) എത്രപേരെ നിയമിക്കുന്നതിനാണ് സിൻഡിക്കേറ്റ് തീരുമാനം ഉള്ളത് ;

(സി) സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ; ആരെല്ലാം ;

(ഡി) സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായുള്ള നിയമനം ക്രമവിരുദ്ധമാണെന്ന് സർക്കാരിന്റെ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഇതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് കത്ത് അയച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ എന്നാണ് കത്ത് അയച്ചിട്ടുള്ളതെന്നും പ്രസ്തുത കത്തിൻമേൽ സർവ്വകലാശാല എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(എച്ച്) സർവ്വകലാശാല നടപടി സ്വീകരിക്കുന്നതിന് വരുന്ന കാലതാമസം എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ ;

(ഐ) ക്രമവിരുദ്ധമായി തുടരുന്നവരെ അവരുടെ മാതൃസ്ഥാപനങ്ങളിലേക്ക് തിരിച്ചയക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലടി സംസ്കൃത സർവ്വകലാശാലയിൽ 20 സെക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) 17 സെക്ഷൻ ഓഫീസർമാരേയും കൂടാതെ പേഴ്സണൽ സ്റ്റാഫിലേക്കുള്ള അംഗങ്ങളേയും നിയമിക്കാനാണ് സിൻഡിക്കേറ്റ് തീരുമാനം. അതനുസരിച്ച് മൂന്ന് സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരായി സെക്ഷൻ ഓഫീസർമാരിൽ നിന്നും സിൻഡിക്കേറ്റ് തീരുമാനപ്രകാരം നിയമനം നടത്തിയതായി യൂണിവേഴ്സിറ്റി അറിയിച്ചിട്ടുണ്ട്.

(സി) സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി നിയമനങ്ങൽ നടത്തിയിട്ടില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്തിയ നിയമനം ക്രമവിരുദ്ധമാണെന്ന് ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ-ജി) ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(എച്ച്) സർവ്വകലാശാല ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടില്ല.

(ഐ) ക്രമവിരുദ്ധമായി ആരും തുടരുന്നില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

സംസ്കൃത സർവ്വകലാശാലയിലെ സ്കോളർഷിപ്പ് വിതരണം

149 (3710) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത് ;

(ബി) സ്കോളർഷിപ്പ് തുക എത്ര ; പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് വിതരണം നടത്തുന്നത് മുടങ്ങി കിടപ്പുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലുള്ള തുകയാണ് വിതരണം നടത്താനുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly